ഉദ്ദേശിച്ചിരുന്നത്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം പ്രസ്തുത രീതിയിലുള്ള വികസനത്തിൽനിന്നും ഈ ദേശീയ പാതകളെ ഒഴിവാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ 5 ദേശീയപാതകൾ കേന്ദ്ര സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കോറിഡോർ അപ്രോച്ചിൽ ഘട്ടംഘട്ടമായി വികസിപ്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്.

രണ്ടാംഘട്ട പാഠപുസ്തക വിതരണം

30(*120) ശ്രീ. തോമസ് ചാണ്ടി :

ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിസ്തുമസ് പരീക്ഷയ്ക്ക് ദിവസങ്ങൾ മാത്രം ശേഷിക്കെ രണ്ടാം വാല്യം പാഠപുസ്തക വിതരണത്തിൽ കാലതാമസം ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സമയത്ത് ഇൻഡന്റ് നൽകുന്നതിൽ വന്ന വീഴ്ചയും നേരത്തെ ആവശ്യപ്പെട്ട പുസ്തകങ്ങളുടെ എണ്ണം തിരുത്തി പല സ്കൂളുകൾക്കും നൽകിയതുമാണ് കാലതാമസത്തിന് കാരണമെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിന് ഉത്തരവാദി ആയവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(സി) ഒന്നാംഘട്ട പാഠപുസ്തകം നല്കുന്നതിൽ വന്ന കാലതാമസത്തിൽ നടപടി എടുത്തിരുന്നെങ്കിൽ രണ്ടാംഘട്ട പാഠപുസ്തകം സമയത്ത് നൽകുവാൻ കഴിയുമായിരുന്നുവെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എട്ടാം ക്ലാസിലേക്കുള്ള പാഠപുസ്തകം പൂർണ്ണമായി നൽകി തീർക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) :

(എ) ഇൻഡന്റ് ചെയ്ത രണ്ടാംഘട്ട പാഠപുസ്തകങ്ങൾ മുഴുവനും വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്. നടപടി സ്വീകരിച്ചുവരുന്നു.

(സി) ഒന്നാംഘട്ട പാഠപുസ്തകങ്ങളുടെ വിതരണത്തിൽ വന്ന കാലതാമസം പരിഗണിച്ചുകൊണ്ട് രണ്ടാംഘട്ട പാഠപുസ്തകങ്ങളുടെ ഇൻഡന്റ് ലഭിച്ചതുപ്രകാരമുള്ള വിതരണം സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) യഥാസമയം കെ.ബി.പി.എസിൽ ലഭ്യമായ ഇൻഡന്റ് പ്രകാരം പാഠപുസ്തകങ്ങൾ സ്കൂളുകൾക്ക് നൽകിയിട്ടുണ്ട്. ഏതെങ്കിലും സ്കൂളുകൾക്ക് എട്ടാം ക്ലാസ് പാഠപുസ്തകങ്ങൾ ഇനിയും ആവശ്യമുണ്ടെങ്കിൽ അവയുടെ ഇൻഡന്റ് 2015 ഡിസംബർ 7-ാം തീയതിക്കുള്ളിൽ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly